Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

അക്കോമഡേഷൻ കമ്മിറ്റി യോഗം ചേർന്നു

## നാഷണൽ ഗെയിംസ്; മികച്ച താമസ സൗകര്യങ്ങളൊരുങ്ങും

തിരുവനന്തപുരം 23 സെപ്തംബർ: മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന്റെ ഭാഗമായി കേരളത്തിലെത്തുന്ന 12000ൽപ്പരം അത്‌ലറ്റുകൾ, പരിശീലകർ, സംഘാടകസമിതിയംഗങ്ങൾ എന്നിവർക്കു മതിയായ താമസസൗകര്യം ഉറപ്പു വരുത്തുന്നതിനും സന്ദർശകരായും മറ്റുമെത്തുന്ന ഏഴായിരത്തിലധികം പേർക്ക് വേണ്ടിവരുന്ന താമസസൗകര്യം കണ്ടെത്തുന്നതിനുമുള്ള പദ്ധതി തയ്യാറാകുന്നു. ടൂറിസം വകുപ്പ് മന്ത്രിയും ഗെയിംസ് അക്കോമഡേഷൻ കമ്മിറ്റി ചെയർമാനുമായ ശ്രീ. എ.പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ നാഷണൽഗെയിംസ് സെക്രട്ടേറിയേറ്റിൽ ചേർന്ന യോഗമാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ അത്‌ലറ്റുകൾ, ടീം ഒഫീഷ്യലുകൾ പരിശീലകർ തുടങ്ങി അയ്യായിരത്തിൽപ്പരം പേർക്ക് മേനംകുളത്ത് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ താമസ സൗകര്യം പ്രത്യേകം തയ്യാറാകുന്നുണ്ട്. ഗെയിംസിന്റെ വലിയൊരു വിഭാഗം പ്രവർത്തകരെത്തുന്ന തലസ്ഥാന ജില്ലയിൽ ഒരുങ്ങുന്ന ഈ ഗെയിംസ് വില്ലേജിനു പുറമേ ആവശ്യമെങ്കിൽ പുതിയ താമസസൗകര്യങ്ങൾ കണ്ടെത്തും. മറ്റു ജില്ലകളിൽ ആവശ്യമായ മെച്ചപ്പെട്ട താമസസൗകര്യം കണ്ടെത്തുന്നതിന അതാതു ജില്ലാ സംഘാടക സമിതികൾക്ക് നിർദ്ദേശം നൽകുന്നതിനും ധാരണയായി. ജില്ലാകളക്ടർമാരും ജനപ്രതിനിധികളുമടങ്ങുന്നവർ ഇതിന്റെ നേരിട്ടുള്ള ചുമതല വഹിക്കും.



ഏകീകൃത സംവിധാനത്തിനു കീഴിൽ വികേന്ദ്രീകൃത മാതൃകയിൽ പ്രവർത്തിക്കുന്ന സംവിധാനമാകും ഇതിനായി ഒരുങ്ങുന്നത്. ടെൻഡറിംഗ്, എംപാനലിംഗ് നടപടികളിലൂടെ ആവശ്യമായതും മതിയായ നിലവാരം പുലർത്തുന്നതുമായ ഹോട്ടലുകളെ തിരഞ്ഞെടുക്കും. മിതമായ നിരക്കിൽ സുഗമവും സുരക്ഷിതവുമായ താമസ സൗകര്യങ്ങൾ ഒരുക്കാൻ തയ്യാറാകുന്ന ഹോട്ടലുകളെയാകും പരിഗണിക്കുക.

കായികതാരങ്ങൾക്ക് രണ്ടാഴ്ച്ചയോളം വേണ്ടിവരുന്ന താമസ സൗകര്യങ്ങൾ സുഗമവും സമയബന്ധിതവുമായ രീതിയിൽ ക്രമീകരിക്കുന്നതിനായി സോഫ്റ്റ്‌വെയർ-മെസ്സേജിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനും ധാരണയായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കായികതാരങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന പേരു രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ അവരുടെ താമസം അലോട്ട് ചെയ്യപ്പെടുന്ന മുറി അടക്കം മുൻകൂർ തീരുമാനിച്ച് സംഘം യാത്ര പുറപ്പെടുന്നതിനു മുൻപു തന്നെ വെബ്സൈറ്റിൽ പ്രസദ്ധം ചെയ്യുന്ന തരത്തിലാണ് സൗകര്യങ്ങളൊരുങ്ങുന്നത്. ബൃഹത്തായ ഒരു ദേശീയ കായികമേളയിൽ ഇത്തരമൊരു കുറ്റമറ്റ സംവിധാനം തയ്യാറാകുന്നത് ഇതാദ്യമായിരിക്കും.

നിർദ്ദിഷ്ട രൂപരേഖ അനുസരിച്ച് വേദികളുടെയും താമസ സൗകര്യങ്ങളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനും ഇന്നു ചേർന്ന യോഗത്തിൽ നിർദ്ദേശമുയർന്നു.

നാഷണൽ ഗെയിംസിന്റെ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ച് കെ.ടി.ഡി.സിയുടെ പൂർണ്ണസഹകരണം ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിന ലഭ്യമാക്കുമെന്ന് ടൂറിസം മന്ത്രി അറിയിച്ചു.

ശ്രീമതി. ജമീലാ പ്രകാശം എം.എൽ.എ, വ്യാപാരി വ്യവസായി പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങി നിരവധി പേർ യോഗത്തിൽ പങ്കെടുത്തു.